LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ മദ്യത്തിന് ഏർപ്പെടുത്തിയിരുന്ന വിൽപ്പന നികുതി നിരക്കും സെസ്സിന്റെ വിവരവും ചുവടെ ചേർക്കുന്നു:

വർഷം	ഇന്ത്യൻ നിർമ്മിത വിദേശ മദ്യം	ബിയർ	സാമൂഹ്യ സുരക്ഷാ സെസ്സ്
2010-2011	100%	50%	1%

വിൽപ്പന നികുതി, സാമൂഹിക സുരക്ഷാ സെസ്സ്, വിൽപ്പന നികുതിയിലുള്ള 10% സർചാർജ്ജ്, 5% വിറ്റുവരവ് നികുതി എന്നീ ഇനത്തിൽ 3800.76 കോടി രൂപ ഖജനാവിൽ ലഭിച്ചിരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മദ്യത്തിന് ഏർപ്പെടുത്തിയിരുന്ന വിൽപ്പന നികുതി നിരക്കും സെസ്സ് നിരക്കും അനുബന്ധം-1 ആയി ചേർക്കുന്നു.*

(സി) വിൽപ്പന നികുതി വകുപ്പിന് കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 2015-16 വർഷം ഇതുവരെ 23% അധിക തുക വിൽപ്പന നികുതിയിനത്തിൽ ലഭ്യമായിട്ടുണ്ട്. വിശദവിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

(ഡി) ബാറുകൾ പൂട്ടിയതിനുശേഷം ബിവറേജസ് കോർപ്പറേഷൻ വിൽപ്പന നികുതി വകുപ്പിലേയ്ക്ക് നൽകി വരുന്ന വിൽപ്പന വിഹിതത്തിൽ കാര്യമായ വ്യത്യാസമൊന്നും വന്നിട്ടില്ല.

സുബോധം പദ്ധതി

128 (1868) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുബോധം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുനർജനി 2030-ന്റെ ഭാഗമായി ലഹരിവിമുക്ത കേരളം സാക്ഷാത്ക്കരിക്കുന്നതിനായി 'സുബോധം' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി 27-4-2015-ലെ ജി.ഒ (എംഎസ്.) നമ്പർ73/2015/നി.വ. ഉത്തരവ് പ്രകാരം ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിക്കുകയും 25-9-2015-ലെ ജി.ഒ. (എംഎസ്.)നമ്പർ 171/2015/നി.വ. പ്രകാരം സർക്കാർ സുബോധം പദ്ധതി അംഗീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുമുണ്ട്.

(ബി) സർക്കാർ പ്രഖ്യാപിത മദ്യനയത്തിന്റെ അന്തഃസത്ത പൂർത്തീകരിക്കുന്നതിനും, 'മദ്യരഹിത കേരളം' എന്ന മഹത്തായ ലക്ഷ്യം വരുന്ന 10 വർഷത്തിനുള്ളിൽ കൈവരിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയും ബൃഹത്തായ ബോധവൽക്കരണ പരിപാടികളിലൂടെയും ഒരു വർഷം കൊണ്ട് മദ്യത്തിനടിമപ്പെട്ട ഒരു ലക്ഷം പേരെ അതിൽ നിന്നും പിൻതിരിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. മദ്യത്തിന്റെ ആവശ്യകത കുറയ്ക്കുക (Demand Reduction), അതിന്റെ ദുരിത ലഘൂകരണം (Harm Reduction), ശാസ്ത്രീയമായ പഠനം (Research Monitoring), എന്നിവയിലൂന്നിയാണ് സുബോധത്തിന്റെ കാര്യപരിപാടികൾ നടപ്പിലാക്കിവരുന്നത്.

(സി) 27-4-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.)നമ്പർ73/2015/നി.വ. പ്രകാരം സുബോധം എന്ന ബൃഹത്തായ പദ്ധതിക്ക് രൂപം നൽകുകയും ബഹു. മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി ചെയർമാനായി ഒരു ഉന്നതതല കമ്മിറ്റി രൂപീകരിച്ചും ഉത്തരവായിരുന്നു. സുബോധം പദ്ധതി നടപ്പാക്കുന്നതിനുള്ള പദ്ധതി രേഖ 25-9-2015-ലെ ജി.ഒ. (എംഎസ്.)171/15/നി.വ. നമ്പർ ഉത്തരവ് പ്രകാരം സർക്കാർ അംഗീകരിച്ചും ഉത്തരവാകുകയുണ്ടായി. കമ്മിറ്റിയുടെ തീരുമാനങ്ങൾ അനുസരിച്ച് വിവിധങ്ങളായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സുബോധം പദ്ധതി ഡയറക്ടറുടെ മേൽനോട്ടത്തിൽ നടത്തിവരുന്നുമുണ്ട്.

ബിയർ വൈൻ പാർലറുകളുടെ ലൈസൻസ്

129 (1869) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014 മാർച്ച് 31 വരെ ബിയർ, വൈൻ പാർലറുകളും ഹെറിറ്റേജ് ഹോട്ടലുകളും ഉൾപ്പെടെ എത്ര മദ്യശാലകൾക്കാണ് ലൈസൻസ് നൽകിയിരുന്നതെന്ന് വ്യക്തമാക്കാമോ;